കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - മധ്യവേനലവധിക്കാലത്ത് ഗവ. ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)no.235/2024/WCDD** **Dated,17/07/2024**

എ.എസ് നമ്പർ : AS/WCD/24/35818 കാലാവധി : 31/03/2025

പരാമർശം:-1. വനിത ശിശു വികസന ഡയറക്ടറുടെ 09/04/2024-ലെ DWCD/1957/2024–ICPS 2 കത്ത്
2. 26/06/2024-ലെ ഒന്നാം ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

<u>ഉത്തരവ്</u>

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് മധ്യവേനലവധിക്കാലത്ത് പാഠ്യേതര കലാ-കായിക ഇനങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ നൽകുന്നത് കുട്ടികളുടെ ശാരീരിക മാനസിക വളർച്ചക്കും ഉല്ലാസത്തിനും മാത്രമല്ല അവധിക്കാലം കുട്ടികൾക്ക് ആനന്ദകരവും പ്രയോജനകരമാകുകയും ചെയ്യും. ഇതിനായി ഗവ. ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് കലാ-കായിക പരിശീലനം പരിപാടികൾ/ലഘു വിനോദയാത്ര എന്നിവ 2024-25 സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നതിലേക്കായി ആവശ്യമായി വരുന്ന 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2235–02–102–36(P)–02 ശീർഷകത്തിൽ നിന്ന് അനുവദിക്കണമെന്ന വനിത ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

<u>പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | Vacation Program for Children in Govt. Children's Homes | 17,50,000 |
| ആകെ (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ) | | **17,50,000** |

AS/WCD/24/35818

സ്ഥാപനങ്ങളുടെ വിശദവിവരവും അനുവദിക്കാവുന്ന തുകയുടെ വിശദവിവരവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പൂജപ്പുര, തിരുവനന്തപുരം | 1,10,000 |
| 2 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കൊല്ലം | 1,10,000 |
| 3 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോട്ടയം | 1,10,000 |
| 4 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | 1,10,000 |
| 5 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, രാമവർമ്മപുരം, തൃശ്ശൂർ | 1,10,000 |
| 6 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വെള്ളിമാട്ടുകുന്ന്, കോഴിക്കോട് | 1,10,000 |
| 7 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി, കണ്ണൂർ | 1,10,000 |
| 8 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കാക്കനാട്, എറണാകുളം | 1,40,000 |
| 9 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, വെള്ളിമാട്ടുകുന്ന്, കോഴിക്കോട് | 1,40,000 |
| 10 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയലത്തല, പത്തനംതിട്ട | 1,00,000 |
| 11 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,നൂറനാട്, ആലപ്പുഴ | 1,00,000 |
| 12 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് | 1,00,000 |
| 13 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,തലശ്ശേരി, കണ്ണൂർ | 1,00,000 |
| 14 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ, മലപ്പുറം | 1,00,000 |
| 15 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് | 1,00,000 |
| 16 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കാസർഗോഡ് | 1,00,000 |
| | ആകെ തുക | 17,50,000/- |
| | (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) | |

2) 26/06/2024-ലെ ഒന്നാം ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ്, പ്രസ്തുത പ്രപ്പോസൽ ഇനം 8 ആയി പരിഗണിച്ച് പരാമർശം (2) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് മധ്യവേനലവധിക്കാലത്ത് പാഠ്യേതര കലാ-കായിക ഇനങ്ങളിൽ പ്രത്യേക പരിശീലനം, ലഘു വിനോദയാത്ര എന്നിവ സംഘടിപ്പിക്കുന്നതിനായി ആവശ്യമായി വരുന്ന 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2235–02–102–36(P)–02 ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ റ്റി. കെ
അഡീഷണൽ സെക്രട്ടറി
Women and Child Development

To

AS/WCD/24/35818

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിതാ ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.19 06:03:16 +05:30

AS/WCD/24/35818